**കേരള സർക്കാർ**
**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - മുനിസിപ്പൽ കോമൺ സർവ്വീസ് - നഴ്സറി സ്ക്കൂൾ ടീച്ചർമാരുടെ ദിവസ വേതന നിരക്ക് വർദ്ധിപ്പിച്ചു നൽകുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

.=====================================================================

**തദ്ദേശ സ്വയംഭരണ (ഇ യു) വകുപ്പ്**

സ.ഉ.(സാധാ) നം. 963/2015/തസ്വഭവ. തീയതി, തിരുവനന്തപുരം, 28.03.2015.

=====================================================================

പരാമർശം:- 1) 06.09.2011-ലെ ജി.ഒ.(പി) 189/2011/പൊവിവ.
2) 08.11.2012-ലെ വർക്കല നഗരസഭാ സെക്രട്ടറിയുടെ ഇ7/1722/99-ാം നമ്പർ കത്ത്.
3) നഗരകാര്യ ഡയറക്ടറുടെ 15.11.2012, 20.12.2012 എന്നീ തിയതികളിലെ ഇ5/15200/12 എന്ന നമ്പർ കത്തുകൾ.

**<u>ഉത്തരവ്</u>**

പരാമർശം (1) ലെ സർക്കാർ ഉത്തരവു പ്രകാരം ഹൈസ്ക്കൂൾ അദ്ധ്യാപകർ, പ്രൈമറി ടീച്ചർ തുടങ്ങിയവരുടെ ദിവസക്കൂലി വർദ്ധിപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ ടി വർദ്ധനവ് തദ്ദേശ സ്വയംഭരണ വകുപ്പിന്റെ കീഴിലുള്ള നഗരസഭകളിലെ കൗൺസിലിന്റെ വിവേചനാധികാരത്തിൽ ഉൾപ്പെടുത്തി വർക്കല നഗരസഭ നഴ്സറി സ്ക്കൂളിലെ ദിവസക്കൂലി ടീച്ചർമാർക്ക് ദിവസവേതനം വർദ്ധിപ്പിച്ച് നൽകാമോ എന്ന് സ്പഷ്ടീകരണം നൽകണമെന്ന് വർക്കല നഗരസഭാ സെക്രട്ടറി പരാമർശം (2) പ്രകാരം ആവശ്യപ്പെട്ടിരുന്നു. ടി ആവശ്യം പരാമർശം (3) പ്രകാരം നഗരകാര്യഡയറക്ടറും ശുപാർശ ചെയ്തിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സർക്കാർ ദിവസവേതനക്കാർക്ക് നിശ്ചയിച്ചിരിക്കുന്ന കുറഞ്ഞ നിരക്കായ 350/- രൂപയേക്കാൾ കുറഞ്ഞ ഒരു ശമ്പളം അദ്ധ്യാപകർക്ക് കൊടുക്കുന്നത് നീതിയല്ലാ എന്നു കാണുന്നതിനാൽ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ കീഴിലുള്ള നഗരസഭകളിൽ നഴ്സറി സ്ക്കൂൾ ടീച്ചർമാരായി ദിവസവേതനാടിസ്ഥാനത്തിൽ സേവനമനുഷ്ഠിച്ചു വരുന്നവരുടെ ദിവസവേതനം, ജോലി ചെയ്യുന്ന ദിവസങ്ങളിലേയ്ക്ക്, സർക്കാർ നിശ്ചയിച്ചിരിക്കുന്ന കുറഞ്ഞ തുകയായ 350/-

രൂപ നിരക്കിൽ അനുവദിച്ചു നൽകുന്നതിനുള്ള അനുമതി നൽകി ഉത്തരവു പുറപ്പെടുവിക്കുന്നു.

ഇതിലേയ്ക്കാവശ്യമായ ചെലവ് നഗരസഭയുടെ തനത് ഫണ്ടിൽ നിന്നും വഹിക്കേണ്ടതാണ്.

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം**

**ഫിന്നി സക്കറിയ,**
**അഡീഷണൽ സെക്രട്ടറി.**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
(പകർപ്പ് എല്ലാ നഗരസഭാ സെക്രട്ടറിമാർക്കും ലഭ്യമാക്കേണ്ടതാണ്.
ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം.
ധന (ഡവലപ്പ്മെന്റ് വിംഗ്) (vide U.O. No. 7845/Dev.1/15/Fin. dated 11.02.2015.)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**